# MAR THOMA HIGHER SECONDARY SCHOOL

Venmony, Chengannur Alappuzha (Dist.) 689509

Ph: +91 479 2353920

Email: mthssvnmny@gmail.com




# ACADEMIC MASTER PLAN

# മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂൾ
## വെൺമണി

# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 – 2026

# ആമുഖം

ആധുനിക വിദ്യാഭ്യാസരംഗം നേരിടുന്ന നൂതനമായ വെല്ലുവിളികളെ തരണം ചെയ്യുവാൻ തക്ക പാകത്തിൽ എയ്ഡഡ് - സർക്കാർ വിദ്യാലയങ്ങളുടെ നിലവാരം ഉയർത്തേണ്ട സാഹചര്യമാണ് ഇന്നുള്ളത്. സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന ഇത്തരം സ്ക്കൂളുകളുടെ അതിജീവനം വെല്ലുവിളികൾ നിറഞ്ഞതാക്കി മാറ്റി അനുദിനം മാറിക്കൊണ്ടിരിക്കുന്ന നൂതന സാങ്കേതിക വിദ്യകളും മാധ്യമങ്ങളും കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ സഹായിച്ചിട്ടുണ്ടെങ്കിലും തനതായ സാംസ്ക്കാരിക മൂല്യച്യുതിയ്ക്കു കാരണമായി പാത്രീഭവിച്ചിട്ടുണ്ട്.

ഇതുകൂടാതെ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ലഭ്യമാകുന്ന ഫണ്ടുകളുടെ ദീർഘവീക്ഷണമില്ലാത്ത വിനിയോഗവും അദ്ധ്യാപന രീതികളിൽ കാലാനുസൃതമായ മാറ്റങ്ങൾ കാര്യക്ഷമമായി നടപ്പിൽ വരുത്തുവാൻ കഴിയാതെ വന്നതുമെല്ലാം വിദ്യാഭ്യാസനിലവാരത്തിന്റെ മൂല്യശോഷണത്തിനു നിദാനമായിട്ടുള്ളതിനാൽ ഇത്തരം പ്രശ്നങ്ങളെല്ലാം നേരിടുവാൻ കഴിയുന്ന തരത്തിലുള്ള വികസനമാണ് ഈ കാലഘട്ടത്തിൽ ആവശ്യമായിട്ടുള്ളത്.

# പാഠ്യേതര പ്രവർത്തനങ്ങൾ

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ മാർഗ്ഗനിർദേശങ്ങൾ അനുസരിച്ച് 2025 -26 അധ്യായന വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി. പാഠ്യപ്രവർത്തനങ്ങളോടൊപ്പം പാഠ്യേതരപ്രവർത്തനങ്ങളും വിലയിരുത്തുവാൻ തീരുമാനിച്ചു. എഴുത്തു പരീക്ഷയ്ക്ക് പുറമേ മറ്റു കഴിവുകളും വിലയിരുത്തും. വിദ്യാർത്ഥികൾ സമ്മർദ്ദത്തിന് അടിമപ്പെട്ട് പോകാതിരിക്കാൻ 15 - 20 കുട്ടികൾക്ക് ഒരു മെന്റർ വീതം കൗൺസിലിംഗ് നടത്തും ഇതിനായുള്ള കൗൺസിലിംഗ് പരിശീലനത്തിൽ അധ്യാപകർ പങ്കെടുക്കും.

പത്രവായന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ക്ലാസ് അടിസ്ഥാനത്തിൽ പത്രവിതരണം നടത്തുന്നതിനും അത് വായിക്കുകയും വാർത്തകൾ സംബന്ധിച്ച് പ്രതികരണങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുന്നതിന്റെ മേൽനോട്ടം ക്ലാസ് അധ്യാപകർക്ക് നൽകി. പത്രത്തിന് പുറമേ ആഴ്ചപ്പതിപ്പുകളും മാസികകളും വായിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നതിനായി ലൈബ്രറി സജ്ജീകരിച്ചു.

ഇംഗ്ലീഷ് സങ്കോചമില്ലാതെ സംസാരിക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കുന്നതിന്റെ ഭാഗമായി ആഴ്ചയിൽ ഒരു സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് നടത്തുവാനും, മാസത്തിലൊരിക്കൽ ഇംഗ്ലീഷ് സിനിമ പ്രദർശിപ്പിക്കുവാനും തീരുമാനിച്ചു. ഹിന്ദി ഭാഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുവാൻ ഹിന്ദി അധ്യാപകരെ ചുമതലപ്പെടുത്തി. വിദ്യാർഥികളിൽ മാനസിക സംഘർഷം കുറയ്ക്കുന്നതിന്റെയും ലഹരിവിരുദ്ധ ദിനത്തിന്റെയും ഭാഗമായി യോഗ, സുംബ ഡാൻസ് എന്നിവ നടത്തുവാൻ തീരുമാനിച്ചു. കുട്ടികൾ പ്രകൃതിയെ അടുത്തറിയുന്നതിനും മണ്ണിനെ സ്നേഹിക്കുന്നതിനും വേണ്ടി കൃഷിയിൽ താല്പര്യമുള്ളവരാക്കുന്നതിന് പച്ചക്കറി ചെടികളും, പൂച്ചെടികളും നടുന്നതിന് തീരുമാനിച്ചു.

മേൽ വിവരിച്ച പരിപാടികളൊക്കെ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിലൂടെ സ്കൂളിനെ മെച്ചപ്പെട്ട നിലയിലേക്ക് എങ്ങനെ കൊണ്ടുവരാം എന്നുള്ള ആസൂത്രണ പദ്ധതി തയ്യാറാക്കി.

# പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടം

## 1. മാതൃഭാഷ - മലയാളം

മാതൃഭാഷയായ മലയാളം വ്യക്തമായും സ്പഷ്ടമായും എഴുതുവാനും വായിക്കുവാനുമുള്ള ശേഷി നേടിയെടുക്കുന്നതിനായി വായനയിലുള്ള താല്പര്യക്കുറവ് മാറ്റിയെടുക്കുവാൻ ലൈബ്രറി സുഗമമായി പ്രവർത്തിക്കുന്നതിനും വായനക്കുറിപ്പുകൾ തയ്യാറാക്കി മികച്ചവ സ്ക്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിനും അവസരം നൽകിവരുന്നു.

## 2. വൈദേശിക ഭാഷ - ഇംഗ്ലീഷ്

വൈദേശിക ഭാഷയായ ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യുന്നതിന് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകളും മാസത്തിലെ എല്ലാ വെള്ളിയാഴ്ചയും ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഇംഗ്ലീഷ് അസംബ്ലി നടത്തി വരുന്നു. Puzzles, Word Game, Word Pyramid, Balarama Digest എന്നിവയിലൂടെ ഇംഗ്ലീഷ് ഭാഷാപഠനത്തിന്റെ നൈപുണികൾ നേടിയെടുക്കുവാനും കുട്ടികളെ പ്രാപ്തരാക്കിവരുന്നു.

## 3. രാഷ്ട്രഭാഷ - ഹിന്ദി

ദേശഭാഷയായ ഹിന്ദി പഠനം സുഗമമാക്കുന്നതിനും ലളിതമായി കൈകാര്യം ചെയ്യുന്നതിനും ഹിന്ദി അക്ഷരങ്ങൾ ചേർന്നുവരുന്ന പാട്ടുകളുടെ **സി.ഡി. കേൾപ്പിക്കുകയും** Word Game, Word Pyramid എന്നിവയും നടത്തി വരുന്നതോടൊപ്പം എല്ലാ ബുധനാഴ്ചയും ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഹിന്ദി ടീച്ചേഴ്സിന്റെ മേൽനോട്ടത്തിൽ **ഹിന്ദി അസംബ്ലി ഓരോ ക്ലാസ്സുകൾ** വീതം നടത്തി വരുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഹിന്ദി ഭാഷ സുതാര്യമായി ഉപയോഗിക്കുന്നതിന് കുട്ടികളെ സജ്ജരാക്കി വരുന്നു.

## 4. No Alcohol Campus

ആധുനിക തലമുറയിലെ കുട്ടികളെ മാനസികമായും ശാരീരികമായും കായികപരമായും വൈകാരികപരമായും പക്വത വരുത്തുന്നതിനും ലഹരി മരുന്നുകളുടേയും മദ്യം, മയക്കുമരുന്ന് പോലെ കുട്ടികളെ കാർന്നു തിന്നുന്ന ലഹരി വസ്തുക്കൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനായി ലഹരി വിരുദ്ധ കൗൺസിലിംഗ് ക്ലാസ്സുകൾ നയിച്ചു വരുന്നു.

ഒപ്പം നിരണം - മാരാമൺ ഭദ്രാസന കൗൺസിലിംഗിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന കൗൺസിലിംഗ് ക്ലാസ്സ് നയിക്കുന്ന ശ്രീമതി. ലീന ഏബ്രഹാം എല്ലാ വ്യാഴം, വെള്ളി ദിവസങ്ങളിൽ സ്ക്കൂൾ സന്ദർശിച്ച് ആവശ്യമായ കുട്ടികൾക്ക് വ്യക്തിപരമായി കൗൺസിലിംഗ് ക്ലാസ്സുകൾ നൽകുന്നുണ്ട്.

## 5. സാമൂഹ്യ അവബോധം

ദേശസ്നേഹം ഊട്ടിയുറപ്പിക്കുന്നതിനും മതസൗഹാർദ്ദം വളർത്തിയെടുക്കുന്നതിനും പ്രത്യേക ക്ലാസ്സുകൾ നയിക്കുകയും ദേശഭക്തിഗാനം, ജീവൻ ബലിയർപ്പിച്ച മഹാരഥന്മാരുടെ ജീവചരിത്രം അറിയുന്നതിനും അവരുടെ ചിത്രങ്ങൾ കണ്ടെത്തുന്നതിനും സാമൂഹ്യപരിഷ്കർത്താക്കളെക്കുറിച്ച് അവബോധം കുട്ടികളിൽ എത്തിക്കുന്നതിനും വേണ്ട അവസരങ്ങൾ സ്കൂൾ യുവജനോത്സവം, സർഗ്ഗവേള എന്നീ വേളകളിൽ നൽകി വരുന്നു.

## 6. Eco - friendly school

പരിസ്ഥിതിയെ കുറിച്ചുള്ള അവബോധം നൽകുന്നതിനും പാരിസ്ഥിതിക പ്രശ്നങ്ങൾ എന്തെല്ലാമെന്നുള്ള ബോധവത്ക്കരണം Eco- Club ന്റെ നേതൃത്വത്തിൽ നൽകി വരുന്നു. **ജലം അമൂല്യമാണെന്നും ജീവന്റെ നിലനിൽപ്പിന് ജലം ആധാരമാണെന്നും** സ്കൂൾ ക്യാമ്പസിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വിമുക്തമാക്കി **"Clean Campus- Save Campus"**എന്ന ആശയം കുട്ടികളിലെത്തിക്കുവാൻ ഇടയാക്കുന്നു. ഉച്ചഭക്ഷണം ഇലപ്പൊതികളിൽ ഒഴിവാക്കി സ്റ്റീൽ പാത്രങ്ങളിൽ കൊണ്ടുവരുന്നതിന് നിർദ്ദേശിക്കുകയും അവ പ്രവൃത്തിപഥത്തിലെത്തിക്കുവാൻ വേണ്ട മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

# വെല്ലുവിളികൾ/പരിമിതികൾ

നവകേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ മുന്നോടിയായി എയ്ഡഡ് - സർക്കാർ വിദ്യാലയങ്ങൾ ദീർഘകാല കാഴ്ചപ്പാടോടുകൂടി സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതി രൂപീകരണവും ഹൈടെക്ക് മാതൃകയിലുള്ള ക്ലാസ്സ് മുറികൾ രൂപീകരിക്കുന്നുവെങ്കിൽ തന്നെയും ധാരാളം വെല്ലുവിളികൾ അധ്യാപകർ നേരിണ്ടേതായി വരുന്നുണ്ട്.

1. സ്കൂളിൽ അച്ചടക്കം വരുത്തേണ്ടതിന്റെ ഭാഗമായും കുട്ടികൾ മോശം പ്രവണതകൾ കാട്ടുമ്പോഴും പഠനത്തിൽ പിന്നോക്കാവസ്ഥയിലേക്ക് പോകുമ്പോഴും അധ്യാപകർ നേർവഴിയിലേക്ക് നടത്തേണ്ടുന്നതിന്റെ ഭാഗമായി ശിക്ഷാനടപടികൾ / നിലപാടുകൾ സ്വീകരിക്കുമ്പോൾ പലപ്പോഴും നിയമാവലികൾ നൂലാമാലകളായിത്തീരാറുണ്ട്.

2. പി.റ്റി.എ പോലുള്ള മീറ്റിംഗുകളിൽ പോലും മാതാപിതാക്കളുടെ നിസ്സഹകരണം നന്നേ അനുഭവപ്പെടാറുണ്ട്.

3. പൊതു പരീക്ഷകളിൽപ്പോലും കുട്ടികളുടെ പരാജയമില്ലായ്മയും അനാവശ്യമായ C.E മാർക്കും ഗ്രേഡിംഗ് മാർക്കുമെല്ലാം നൽകുന്നതുമൂലം ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം കുട്ടികൾക്ക് എത്രത്തോളം നിലവാരം പുലർത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വിചിന്തനം ചെയ്യേണ്ട സംഗതിയാണ്.

4. ആധുനിക സമൂഹമാദ്ധ്യമങ്ങളായ **Internet, Facebook, WhatsApp, Twitter** എന്നിവയുടെ അതിപ്രസരം സമൂഹത്തെയും അതുവഴി കുട്ടികളെയും കാർന്നു തിന്നുന്നതുമൂലം പഠനത്തിലുള്ള താല്പര്യക്കുറവ് ഒട്ടുമിക്ക വിദ്യാർത്ഥികളിലും കണ്ടുവരുന്നുവെന്നുള്ളത് വാസ്തവമായ സംഗതിയാണ്.

5. ആധുനിക സമൂഹത്തിലെ മാതാപിതാക്കൾ തമ്മിലുള്ള പൊരുത്തമില്ലായ്മ, വൈധവ്യം, അനാഥത്വം, മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി പദാർഥങ്ങൾ എന്നിവയുടെ അമിത ഉപയോഗം മൂലം കുട്ടികൾ വീട്ടിൽ സുരക്ഷിതത്വമില്ലാത്തവരാണ്. പഠനത്തിൽ ശ്രദ്ധ ചെലുത്തുവാൻ രക്ഷകർത്താക്കൾക്ക് സാധിക്കാതെ വരുന്നു.അണുകുടുംബങ്ങളിലെ വിള്ളലുകൾ കുട്ടികളുടെ പഠനക്രമത്തെ കാര്യമായി ബാധിച്ചിരിക്കുന്നുവെന്നതും മറ്റൊരു വെല്ലുവിളിയാണ്.

# ശു. പ
# പട്ടണം

# മലയാളം

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ
## മലയാളം

വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക നിലവാരം നിർവ്വഹിക്കുവാൻ വേണ്ടി തയ്യാറാക്കിയതാണ് അക്കാദമിക്ക് മാസ്റ്റർ പ്ലാൻ. വിദ്യാലയം മുന്നോട്ട് വയ്ക്കുന്ന പ്രവർത്തനങ്ങൾ ലക്ഷ്യങ്ങൾക്ക് അതീതമായിരിക്കണം. എല്ലാ കുട്ടികളെയും പുരോഗതി യിലേക്ക് നയിക്കുന്നതുവഴി അവരവരുടെ കടമകൾ സ്വയം നിറവേറ്റുവാൻ കുട്ടിക്ക് അവ സരമുണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സജ്ജമാക്കണം. ഓരോ കുട്ടിയും പ്രമോട്ട് ആകുമ്പോൾ മികവിന്റെ ഒരു കണികയെങ്കിലും കുട്ടികൾ നേടിയെടുത്തിരിക്കണം.

### ലക്ഷ്യം

എല്ലാ കുട്ടികൾക്കും പഠനനേട്ടം ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം

### ഉപലക്ഷ്യം

പര്യാപ്തമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പഠനപ്രവർത്തനങ്ങൾ സുഗമമവും ലളിതവുമാക്കുന്നു.

| Sl No. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചിലവ് | ചുമതല | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | മലയാള ഭാഷയെ മികവിന്റെ പാതയിൽ എത്തിക്കുക, എല്ലാ കുട്ടികളെയും വായിക്കുവാനും എഴുതുവാനുള്ള കർമ്മശേഷി വികസിപ്പിച്ചെടുക്കുക | **അക്ഷരച്ചെപ്പ്** സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ · അക്ഷരങ്ങൾ ചേർന്ന വാക്കുകൾ വായിക്കുവാനും എഴുതുവാനും ഉള്ള നിർമ്മാണം. | ഹ്രസ്വം | | 100/- | ലൈബ്രേറിയൻ അധ്യാപിക | |
| 2 | അക്ഷരങ്ങൾ വ്യക്തവും വസ്തുനിഷ്ഠവുമായുള്ള പുനഃനിർമ്മാണം | **മലയാള പുലരി** ചിഹ്നങ്ങൾ ചേർന്ന് വാക്കുകൾ നിർമ്മിക്കാം. | ഹ്രസ്വം | | 100/- | അധ്യാപകർ രക്ഷിതാക്കൾ | |
| 3 | കുട്ടികൾ ലൈബ്രറിയിലൂടെ ചെറുകഥകൾ, കവിതകൾ എന്നിവ പരിചയപ്പെടുത്തുന്നതിനും ഗ്രഹിക്കുന്നതിനും | **വായനാക്കൂട്ടം** ചെറുകഥകൾ, കവിതകൾ സ്വന്തമായി വായിക്കുന്നു. കുട്ടികളുടെ ഭാവനയിൽ ചെറുകഥകളും ചെറുകവിതകളും നിർമ്മിക്കുന്നു. | | | 100/- | | |
| 4 | റ്റാലന്റ് ലാബ് നാടൻ പാട്ടുകളുടെ ചരിത്രാവലോകനം ഈണത്തിലും താളത്തിലും ചൊല്ലുന്നതിന്. | **മാണിക്യചെമ്പഴുക്ക** നാടൻപാട്ടിന്റെ ശീലുകളും തനിമയും വായ്ത്താരികളും ഉൾക്കൊണ്ടുള്ള നാടൻപാട്ടവതരണം. നാടൻപാട്ടിൽ പ്രശസ്തി നേടിയ കലാകാരൻമാരുടെ നാടൻപാട്ടുകൾ കണ്ടെത്തുകയും ശേഖരണം നടത്തുകയും ചെയ്യുന്നു. ഐ.ടി സാദ്ധ്യത | ദീർഘം | സി.ഡി, കമ്പ്യൂട്ടർ, നാടൻ പാട്ടുകളുടെ ശേഖരണ പുസ്തകങ്ങൾ | 150/- | മലയാളം അധ്യാപകർ രക്ഷിതാക്കൾ | നാടൻ പാട്ടു കലാ-കാരൻമാർ |

# ഇംഗ്ലീഷ്

## General Objectives

- Listening
- Speaking
- Reading
- Writing

## Learning Objectives

The learners will be able to :

- Read and analyse stories and poems
- Improve upon their reading and find specific information
- Guess the meaning of words making use of the context
- Write small descriptions
- Realise the grammatical structure
- Analyse communicative aspect of the language

| Sl. No | Content | Activity | Period | Materials | Division of duty & responsibility | Support |
|---|---|---|---|---|---|---|
| 1 | Alaphabet Familiarization | Drilling | Short | Books, Library | Teachers , Parents | PTA, Media, School Body |
| 2 | Familiarizing phonetic sounds | Showing flash cards of different phonemes, | Short | Language Lab, ICT | | |
| 3 | Blending of phonetic script and words | Showing picture cards, word cards, phonetic script cards, ICT | Short | ICT, Text Book, Chart | | |
| 4 | Story Time | Forming Short Stories and descriptions from the text book | Long | Text Book, Library, ICT | | |
| 5 | Public Speaking | Conversation news reading recitation speech | Long | News Paper, Poems from the text book, ICT, Text Book | | |

## Limitations

- Lack of technical facilities
- Time limit,
- Lack of language Lab
- Syllabus change
- Transfer of teachers

## Vision

- A value based education
- To build up a better citizen

പരിധി

# അക്കാദമിക് മാസ്റ്റർ പ്ലാൻ - UP

## ഹിന്ദി

| Sl. No | ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല |
|---|---|---|---|---|---|
| 1 | കവിത<br>കവികളെക്കുറിച്ചുള്ള അറിവ്<br>കവിതയുടെ ആസ്വാദനശേഷി കുട്ടികളിൽ വളർത്തിയെടുക്കുക<br>ആശയം മനസ്സിലാക്കിയെടുക്കുക<br>താളബോധം വളർത്തിയെടുക്കുക<br>രചനാപാടവം വളർത്തിയെടുക്കുക<br>സഭാ കമ്പ നിവാരണം | കഥാ- കവിതാ ക്യാമ്പ്<br>ഭാഷാ മേഖല കഥകളും, കവിതകളും കേൾക്കാനുള്ള അവസരം ഐ.സി.റ്റി മുഖേന രചനാപരിശീലനം | ഹ്രസ്വം | 5,6,7 | ഹിന്ദി അദ്ധ്യാപിക<br>ക്ലാസ്സ് പി.റ്റി.എ<br>വിദ്യാർത്ഥികൾ<br>ഹിന്ദി ഭാഷയിൽ പ്രാവീണ്യം നേടിയവർ |
| 2 | കഥ<br>രചനാപാടവം വളർത്തിയെടുക്കുക<br>പ്രകൃതിയെ കഥയിലേക്ക് ലയിപ്പിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക<br>അന്യകഥാ രചന<br>ചിത്രീകരണ പാടവം<br>നിർമ്മാണ പാടവം<br>കഥ കേൾക്കാനും പറയാനുമുള്ള അവസരം | തിരക്കഥാ പാടവം<br>നിർമ്മിച്ചവ സദസ്സിൽ പ്രദർശനം<br>മികച്ച കവിയെയും കഥാകാരനെയും ആദരിക്കൽ | ഹ്രസ്വം | 5,6,7 | വിഷയവുമായി ബന്ധപ്പെട്ട അദ്ധ്യാപിക<br>ക്ലാസ്സ് പി.റ്റി.എ<br>വിദ്യാർത്ഥികൾ |
| 3 | വാർത്ത<br>വായനാശീലം വളർത്തുക<br>പൊതുവിജ്ഞാനം വളർത്തുക<br>സാങ്കേതിക വിജ്ഞാനം വളർത്തിയെടുക്കുക<br>ശേഖരണ പാടവം<br>അവതരണ പാടവം<br>വാർത്താ വായനാ പാടവം<br>വാർത്താ ജ്ഞാനം | ഹിന്ദി സമാചാർ<br>വാർത്താ പത്രിക നിർമ്മാണം<br>കൈയ്യെഴുത്തു മാസിക നിർമ്മാണം<br>ഹിന്ദി വാർത്ത കേൾക്കാനും കാണാനുമുള്ള പാടവം<br>സ്കൂൾ റേഡിയോയിലൂടെ വാർത്ത വായിക്കാനുള്ള അവസരം<br>വാർത്താ വായനാ പരിശീലനം<br>പ്രസിദ്ധീകരണ സാമർത്ഥ്യം | ഹ്രസ്വം | 5,6,7 | വിഷയവുമായി ബന്ധപ്പെട്ട അദ്ധ്യാപിക<br>വിദ്യാർത്ഥികൾ |

# അടിസ്ഥാന
# ശാസ്ത്രം

# അടിസ്ഥാനശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ചിലവ് |
|---|---|---|---|---|---|
| 1 | കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | സ്കൂൾ ലബോറട്ടറി<br>ചിത്രവിശകലനം<br>പരിസ്ഥിതി നിരീക്ഷണം | ദീർഘകാലം | അദ്ധ്യാപകർ വിദ്യാർത്ഥികൾ | 200/- |
| 2 | ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക | പഠനയാത്ര<br>നിരീക്ഷണം<br>വിവിധ റിപ്പോർട്ടുകൾ | ദീർഘകാലം | വിദ്യാർത്ഥികൾ | |
| 3 | മെച്ചപ്പെടലിനുവേണ്ടി പരിശ്രമിക്കുക | പോയ വർഷ പ്രവർത്തനങ്ങളുടെ വിവരശേഖരണം<br>അനുഭവ ക്കുറിപ്പുകൾ | ഹ്രസ്വകാലം | അദ്ധ്യാപകർ വിദ്യാർത്ഥികൾ | |
| 4 | നിരന്തര അന്വേഷണം നടത്തുക, വിശകലനം ചെയ്യുക, നിഗമനത്തിൽ എത്തുക | പ്രോജക്ട്<br>വിവിധ സ്ഥാപനങ്ങൾ സന്ദർശിക്കൽ<br>ഐ.സി.റ്റി ലൈബ്രറി പഠനയാത്രകൾ | ഹ്രസ്വകാലം ദീർഘകാലം | വിദ്യാർത്ഥികൾ | 1000/- |
| 5 | പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക | ആകാശ നിരീക്ഷണം, പ്ലാനിറ്റേറിയം സന്ദർശനം<br>ചിത്രനിരീക്ഷണം പത്രറിപ്പോർട്ടുകൾ<br>ഉപകരണ നിർമ്മാണം | ഹ്രസ്വകാലം | അദ്ധ്യാപകർ വിദ്യാർത്ഥികൾ | |

# സമർപ്പണം

| നമ്പർ | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ധനകാര്യം | ചുമതല വിഭജനം | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളേയും പത്രപാരായണത്തിന് താൽപര്യം ഉണ്ടാക്കുക. | പത്രവാർത്തകളെ അടിസ്ഥാനമാക്കി ക്വിസ് മത്സരം | ഹ്രസ്വകാലം | വിവിധ പത്രങ്ങൾ | | HM S.S Trs | സാമൂഹ്യ ശാസ്ത്രാധ്യാപകർ |
| 2 | ചുറ്റുപാടും നടക്കുന്ന സംഭവങ്ങൾ വിമർശനാത്മകമായി വിലയിരുത്താനുള്ള കഴിവുണ്ടാക്കുക. | പ്രത്യേക വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള കൊളാഷ് നിർമ്മാണം | | | 2000/ | | BRC |
| 3 | ചരിത്രാന്വേഷണം പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കൽ | വിക്കിപീഡിയ, അഭിമുഖം എന്നിവ മുഖേന സ്വന്തം ദേശത്തിന്റെ ചരിത്രം തയ്യാറാക്കുക.<br>ഭൂപട നിർമ്മാണം<br>സ്കൂൾ നിലനിൽക്കുന്ന സ്ഥലത്തിന്റെ ഭൂപടം തയ്യാറാക്കൽ<br>പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കൽ<br>സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കുക. | മധ്യകാലം<br>ദീർഘകാലം | ചരിത്ര സ്മാരകങ്ങൾ ആരാധനാലയങ്ങൾ etc...<br>സാമൂഹ്യ ശാസ്ത്ര പഠന സാമഗ്രികൾ ശേഖരണം | 4000/- | Social Science Club | SSA Fund<br>SRG<br>PTA Diet |

# കണക്ക്

# മേഖല : ഗണിതം

## ലക്ഷ്യം 1 :

ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.

## ഉപ ലക്ഷ്യങ്ങൾ :

- സംഖ്യകളുടെ വില, സ്ഥാനം എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണയില്ലാത്ത കുട്ടികളെ അത് മറികടക്കുവാൻ പിന്തുണ നൽകുക.
- സംഖ്യകളുടെ പ്രത്യേകതകൾ പരിചയപ്പെടുന്നതിനും അതിലൂടെ ഗണിതാസ്വാദനത്തിന്റെ ഉയർന്ന തലങ്ങളിലെത്തുന്നതിനും.

## പ്രവർത്തനങ്ങൾ

## Pre test

സംഖ്യാവായന (കാർഡുകൾ ഉപയോഗിച്ച്)

സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

## കാലദൈർഘ്യം

ഹ്രസ്വകാലം - 2 മാസം

## ചുമതല

ഗണിത അദ്ധ്യാപകൻ, PTA

## ലക്ഷ്യം : 2

ദൈനംദിന ജീവിതത്തിൽ ചതുഷ്ക്രിയകൾ ഉപയോഗിച്ചുള്ള പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവ് തേടുക.

### ഉപ ലക്ഷ്യങ്ങൾ

ഗുണനം, ഹരണം എന്നീ ക്രിയകളിൽ വ്യക്തമായ ധാരണ ലഭിക്കുകയും പ്രായോഗിക ജീവിതത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

### പ്രവർത്തനങ്ങൾ

### സരള ഗണിതം :

ഗണിത പസിലുകൾ

ബജറ്റ് തയ്യാറാക്കൽ

[illegible]

# I.T

| നമ്പർ | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ധനകാര്യം | ചുമതല വിഭജനം | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | കമ്പ്യൂട്ടർ പെരിഫെറലുകളെ പരിചയപ്പെടുത്തുക | Diagramatic Chart Preparation | ഹ്രസ്വകാലം | | | Leader | SRG |
| 2 | കീബോർഡിലെ ഓരോ കീയുടേയും മലയാള അക്ഷരങ്ങളെ മനസ്സിലാക്കുക. | മലയാള അക്ഷരങ്ങളുടെ കീ-ബോർഡ് ചാർട്ട് തയ്യാറാക്കൽ | മധ്യകാലം | Hitech Smart Class Rooms | 2,000/- | group തിരിച്ച് കുട്ടികളെ ചുമതലപ്പെടുത്തുക ടീച്ചർ | SSA |
| 3 | സംഖ്യകളുടെ കൂട്ടലും കുറയ്ക്കലും, ഗുണനം, ഹരണം ഇവ എളുപ്പം കൈകാര്യം ചെയ്യാൻ പറ്റുക. | ചെറിയ ചെറിയ പസിലുകൾ കാണിച്ചും ചിന്തിപ്പിച്ചും കുട്ടികളെകൊണ്ട് ഉത്തരം പറയിപ്പിക്കുക. | മധ്യകാലം | | | group leader & teacher | Diet |
| 4 | കമ്പ്യൂട്ടർ പ്രവർത്തനങ്ങളിൽ കുട്ടികളെ ഏർപ്പെടുത്തുക | രസകരമായ കമ്പ്യൂട്ടർ ഗെയിമുകളിൽ കുട്ടികളെ ഏർപ്പെടുത്തുക. | ഹ്രസ്വകാലം | IT Texts | 5,000/- | | PTA |
| 5 | ഇന്റർനെറ്റിന്റെ ഗുണവും ദോഷവും വേർതിരിക്കുക. | Debate, സെമിനാർ നടത്തുക. | ഹ്രസ്വകാലം | | | ടീച്ചർ P.T.A & Students | |
| 6 | പരിസ്ഥിതിയെ സംരക്ഷിക്കുക | പരിസ്ഥിതി പ്രക്രിയകൾ ആനിമേഷനിലൂടെ അവതരിപ്പിക്കുക. Rare species കളുടെ image അവതരണം. | ഹ്രസ്വകാലം | | | ടീച്ചർ | |

# ഹൈസ്കൂൾ വിഭാഗം

# മലയാളം

# മലയാളം

## (ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) മികച്ചവായനക്കാരൻ (വായനക്കൂട്ടം) മികച്ച എഴുത്തുകാരൻ (എഴുത്തുകൂട്ടം)

വായിച്ചുവളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം.

**ലക്ഷ്യങ്ങൾ**

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്ത് കൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായന സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കു
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ

**പ്രവർത്തനങ്ങൾ**

1. **മലയാളത്തിളക്കം (Pre-test) 02.06.17**
   പ്രി-ടെസ്റ്റ് നടത്തുന്നു. പിന്നോക്കക്കാരേ കണ്ടെത്തി.
2. **അക്ഷരം ഉറപ്പിക്കൽ (1 Month)**
   ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
3. **അടയാളങ്ങൾ ഉറപ്പിക്കൽ**
   ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ
4. **അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്**
   അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ
5. **ചിത്രം - അടിക്കുറിപ്പ്**
   ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ - അധ്യാപികയുടെ സഹായത്തോടെ എഴുതൽ
6. **കഥ -ബാക്കി പറയൽ - എഴുതൽ**
   ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്നു, എഴുതുന്നു
7. **കഥാപുസ്തകം - നൽകൽ**
   വായന, കുറിപ്പ് തയ്യാറാക്കൽ

8. **CD പ്രദർശനം**

ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം -എഴുതാനവസരം.

9. **ഭിന്നശേഷിക്കാരെ പരിഗണിക്കൽ**

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം

10. **ക്ലാസ്തല വായനക്കൂട്ടം രൂപീകരിക്കൽ**

ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന group ആക്കുന്നു. എത്ര പുസ്തകം വായിക്കാം, വായനക്കുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച വായനാക്കുറിപ്പ് അസംബ്ലി, ആകാശവാണി ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം.

11. **ക്ലാസ് ലൈബ്രറി രൂപീകരിക്കൽ**

കുട്ടികളുടെ സഹായത്തോടെ UP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

12. **സ്കൂൾ ലൈബ്രറി നവീകരണം**

സ്കൂൾ ലൈബ്രറി നവീകരണം, പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രറിയൻ, പുസ്തകവിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്ത്ഡേ, പുസ്തകശേഖരണം.

13. **സമീപ ഗ്രന്ഥശാല അംഗത്വം**

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം.

14. **വായനോത്സവം സംഘടിപ്പിക്കൽ**

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്ക്കാരം, (പാഠഭാഗവുമായി ബന്ധപ്പെട്ട്) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

15. **പത്രവായന**

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ-വായന-എഴുത്ത്.. പത്രം തയ്യാറാക്കൽ (പാഠഭാഗവുവമായി ബന്ധപ്പെട്ട്)

16. **അമ്മ വായന**

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തരം തെരഞ്ഞെടുക്കാനാവസരം - വായനമുറി - വായനാക്കുറിപ്പ് തയ്യാറാക്കൽ - മികച്ച കുറിപ്പ് കണ്ടെത്തൽ - പ്രോത്സാഹനം അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ, ശിൽപ്പശാല.

17. **പുസ്തചർച്ച - വായനാനുഭവം പങ്കുവയ്ക്കൽ**

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം, പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ, മാസത്തിൽ ഒരു ദിവസം.

18. **വായനാക്കുറിപ്പ്**

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

19. **വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം**

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം - വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ

# ഇംഗ്ലീഷ്

# English


General Objectives : Language development
Literary Development

L S R W : Listening , Speaking
Reading, Writing

## Curricular Objectives :

- To develop knowledge and understanding of grammer
- To undersatand the meaning of English passage
- To develop interest in reading English passages
- To enhance competency in writing English
- To understand competencies about rules of English language and use it.

| Sl. No. | Strategies | Activity | Period | Materials Needed | Resposibility | Support | Extra Reading |
|---|---|---|---|---|---|---|---|
| 1 | Alphabets, Vocabulary & Language Development | Vocabulary,Journals, ABCD books, word webs, word walls | Short | ICT, Text books, Chart Papers, Library, Smart Class, Language Lab | English teachers of UP level & Parents | School body<br>PTA<br>Mother PTA<br>Society around Medias | Values Imparted<br>Democratic outlook<br>Contributional Values<br>Secular attitude<br>Creative thinking<br>Equality<br>Leadership quality<br>Enviornmental awareness and hygene<br>Awareness of cyber crimes<br>Gender Justice |
| 2 | Guided Interaction | Partner Interviews, Class Survey, Poster Projects, Group Presentation, Readers, Theatre | Short | " | English teachers of UP level & Parents | | |
| 3 | Metacognition and Authentic Assessment | Guided reading<br>Directed reading<br>Thinking activity<br>use of variety of activities to check understanding | Medium | ICT, Text books, Library, Smart Class, Language Lab | English teachers of H.S level & Parents | | |
| 4 | Explicit instruction | Essay formats comprehension skills understanding texts and graphics story completion. | Medium | ICT, Text books, Invitees From | H.S English teachers | | |
| 5 | Meaning based context & universal themes | Role play, real life models, video clips, current even stories | Long | ICT, Text books, Chart papers, maps | H.S English teachers | | |
| 6 | Modeling, graphic organisers & visuals | Venn diagrams, story maps | Long | ICT, Text books, Chart papers, maps | H.S English teachers | | |



| നമ്പർ | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ധനകാര്യം | ചുമതല വിഭജനം | പിന്തുണ |
|---|---|---|---|---|---|---|---|
| 1<br>2<br>3 | ജീവിതമൂല്യങ്ങൾ പകർത്തുക<br>ബാലസാഹിത്യകൃതികൾ വായിക്കുക.<br>മൂല്യങ്ങൾ ഉൾക്കൊള്ളുക, ജീവിതത്തിൽ പ്രാവർത്തികമാക്കുക. | എന്റെ ഹിന്ദി നോട്ട്ബുക്ക്<br>ഹിന്ദി ബാലസഭ<br>പാഠഭാഗങ്ങൾ<br>നാടകം, സംഭാഷണം, രൂപങ്ങളിലേക്ക് മാറ്റുക<br>ആഴ്ചയിൽ ഒരു ഹിന്ദി വാക്ക്<br>സൂചനാബോർഡുകൾ ഹിന്ദിയിൽ<br>ഐ.സി.റ്റി. സാധ്യതകൾ ഉപയോഗിച്ച് ചെറിയ സ്കിറ്റ്, കവിത തുടങ്ങിയവ കാണുവാനും കേൾക്കുവാനുമുള്ള അവസരമൊരുക്കുക. | ദീർഘകാലം<br>ദീർഘകാലം<br>ദീർഘകാലം | ഐ.സി.റ്റി സാധ്യതകൾ ഒരുക്കുക | 2,000/- | ക്ലബ്ബ്<br>വിവിധ ഹൗസുകൾ<br>സ്കൂൾ സംഘടനകൾ | MPTA<br>PTA<br>SRG<br>BRC |
| 4 | ആശയങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുക | ഐ.സി.റ്റി യിലൂടെ വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടുത്തുക<br>അവതരണരീതി മനസിലാക്കുക | ദീർഘകാലം<br>മധ്യമകാലം | ഐ.സി.റ്റി സാഹിത്യ സൃഷ്ടികൾ | 2,000/- | ഭാഷാ ക്ലബ്ബ്<br>അദ്ധ്യാപകർ എസ്.ആർ.ജി | പ്രധാനാധ്യാപിക<br>ക്ലബ്ബ്<br>PTA |

# അടിയന്തര
# രാഷ്ട്രം

ശാസ്ത്രം

# മേഖല: ഗണിതം

**പൊതുലക്ഷ്യം**: ശാസ്ത്രചിന്ത, ശാസ്ത്രബോധം, ശാസ്ത്രനൈപുണി, അന്വേഷണാത്മകത്വര ഇവ എല്ലാ കുട്ടികളിലും വികസിപ്പിച്ചെടുത്ത് ശാസ്ത്രപഠനത്തെ സമൂഹമുന്നേറ്റിന് പ്രയോജനപ്പെടുത്തുവാനുള്ള മനോഭാവം വളർത്തുക.

| Sl. No | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ധനകാര്യ വിശകലനം | ചുമതലാ വിഭജനം | പിന്തുണ |
|---|---|---|---|---|---|---|---|
| 1. | ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക. | പഠനോപകരണ നിർമാണം<br>മത്സരപരീക്ഷകൾക്കു വേണ്ടിയുള്ള പരിശീലനം ഗവേഷണ പ്രോജക്ടുകൾ | ഹ്രസ്വകാലം<br>ദീർഘകാലം | പാഠപുസ്തകം<br>ICT Resoures<br>ആനുകാലി-കങ്ങൾ<br>നിർമ്മാണ സാമഗ്രികൾ | 1000 | Science Teachers | PTA<br>SRG<br>DIET<br>അധ്യാ-പകർ |
| 2. | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളിലും എത്തിക്കുക. | ലാബ്നവീകരണം<br>ശാസ്ത്രക്വിസ്<br>Worksheet, Flowchart പൂർത്തിയാക്കൽ | ദീർഘകാലം | പാഠപുസ്തകം<br>CD<br>Question Pool | 500 | Science Teachers | DIET<br>SCERT |

# സമർപ്പണം

# Academic Master Plan

വിഷയം : സാമൂഹ്യ ശാസ്ത്രം

മേഖല : അക്കാദമികം (ചരിത്രം)

ലക്ഷ്യങ്ങൾ : കുട്ടികൾക്ക് സമൂഹത്തോടും പഴയകാല ചരിത്രാന്വേഷണങ്ങളോടുമുള്ള ബന്ധം

| Sl. No | മേഖല | ലക്ഷ്യം | ഉപലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | ചരിത്രം | | സാമൂഹ്യബന്ധങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതോടൊപ്പം വിദ്യാർത്ഥികളെ പഴയകാല ചരിത്ര സംസ്കാര അന്വേഷകരാക്കുന്നു | ചരിത്ര ചെപ്പേട് നിങ്ങളുടെ വിദ്യാലയത്തിന്റെ ചരിത്രം കുടുംബ ചരിത്രം രാജ്യത്തിന്റെ ചരിത്രം | ഹ്രസ്വം | വിഷയവുമായി ബന്ധപ്പെട്ട അദ്ധ്യാപകർ ക്ലാസ്സ് പി.റ്റി.എ വിദ്യാർത്ഥികൾ | 200/- |
| 2 | ചരിത്രം | ചരിത്ര സ്മാരകങ്ങൾ, രാഷ്ട്രത്തിന്റെ മുതൽക്കൂട്ടും, സമൂഹ നന്മക്കായി നില കൊള്ളുന്നതുമാണ്. | ചരിത്ര ശേഷിപ്പുകൾ നൽകുന്ന അറിവ് ക്ലാസ്സ് മുറിയെ സമ്പന്നമാക്കുന്നു | ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കണമെന്നാവശ്യപ്പെടുന്ന പോസ്റ്റർ നിർമ്മാണം. | മദ്ധ്യമം | വിഷയവുമായി ബന്ധപ്പെട്ട അദ്ധ്യാപകർ വിദ്യാർത്ഥികൾ | |
| 3 | മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം(ഭൂമിശാസ്ത്ര മേഖല) ഭൂമിശാസ്ത്ര പരമായ പ്രാധാന്യം | സ്വതന്ത്ര ചിന്തയും അന്വേഷണ കൗതുകവും രൂപീകൃതമാകുന്നു. | വൈവിധ്യങ്ങൾ നിറഞ്ഞ ഭൂമിയിൽ തന്റെ സ്ഥാനം മനസ്സിലാക്കി താനടക്കമുള്ള അറിയപ്പെടാത്ത നാട് സമ്പത്ത് ഇവയ്ക്കു വേണ്ടിയുള്ള സാഹസിക സഞ്ചാരം | Talent Lab, S.S. Lab ഗ്ലോബ് നിരീക്ഷിച്ച് കണ്ടെത്തൽ വൻകര, സമുദ്രം ഇവയുടെ ചരിത്രം ഇന്റർനെറ്റിൽ നിന്നു ശേഖരിക്കുന്നു. | മദ്ധ്യമം | വിഷയവുമായി ബന്ധപ്പെട്ട അദ്ധ്യാപകർ ക്ലാസ്സ് പി.റ്റി.എ വിദ്യാർത്ഥികൾ | 300/- |

# കണക്ക്

## മേഖല: ഗണിതം

**പൊതുലക്ഷ്യങ്ങൾ:** അളന്നും അളവുകൾ തമ്മിലുള്ള പരസ്പര ബന്ധങ്ങൾ തിരിച്ചറിഞ്ഞും ലോകത്തെ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ഈ അറിവുകളോടെ അതിൽ ഇടപെടുകയും ചെയ്യുക. വിവിധതരം സംഖ്യകളുടെ പഠനം ഗണിതം ആസ്വദിക്കുവാനും മറ്റു സംഖ്യാ പഠനത്തിലേക്കു എത്തിച്ചേരുവാനും സഹായിക്കുക.

| Sl. No | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതീകം | ധനകാര്യ വിശകലനം | ചുമതലാ വിഭജനം | പിന്തുണ |
|---|---|---|---|---|---|---|---|
| 1. | എണ്ണൽ സംഖ്യകളെ പറ്റിയുള്ള പഠനം സാധ്യമാക്കുക. | • കലണ്ടർ നോക്കി സംഖ്യകളെ തിരിച്ചറിയുക<br>• അടുക്കി കെട്ടിവച്ചിരിക്കുന്ന ചെറിയ കമ്പുകൾ ഓരോന്നായി എണ്ണിതിട്ടപ്പെടുത്തുക. | ഹ്രസ്വം | കലണ്ടർ ചാർട്ട്, സി.ഡി. | | ക്ലാസ് മോണിറ്റർ Parents, ഗണിതമൂല, ക്ലാസ് അദ്ധ്യാപകൻ | PTA സ്കൂൾ Trs |
| 2. | ദൈനംദിന ജീവിതത്തിൽ എണ്ണൽ സംഖ്യകൾ പ്രയോജനപ്പെടുത്തുക. | • റോഡിൽക്കൂടി പോകുന്ന വാഹനങ്ങളുടെ നമ്പർ ഓരോ അക്കങ്ങളായി, 2 അക്കങ്ങൾ ചേർന്ന് വായിക്കുകയും എഴുതുകയും ചെയ്യുക. | ഹ്രസ്വം | | Rs. 500/- | മാതാപിതാക്കൾ, ഗണിത ക്ലബ്, ഗണിത അദ്ധ്യാപകൻ | പോലീസ്, ജനങ്ങൾ |
| 3. | ഒറ്റസംഖ്യകൾ, ഇരട്ട സംഖ്യകൾ ഇവ തിരിച്ചറിയുക. | • ഓരോ ദിവസവും ഓരോ ക്ലാസ്സിലെത്തുന്ന കുട്ടികളുടെ എണ്ണം കണ്ടെത്തി ഒറ്റ, ഇരട്ട വേർതിരിക്കുക. | ഹ്രസ്വം | | | ക്ലാസ് അദ്ധ്യാപകൻ, ക്ലാസ് മോണിറ്റർ, ഗണിതമൂല കൂട്ടായ്മ | അദ്ധ്യാപകർ |

I.T

| Sl No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ധന കാര്യം | ചുമതല വിഭജനം | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളേയും ഐ.സി.റ്റി പഠനത്തിൽ താല്പര്യമുള്ളവരാക്കുക | ഐ.സി.റ്റി അടിസ്ഥാന മാക്കി ക്വിസ് മൽസരം | ഹ്രസ്വ കാലം | കമ്പ്യൂട്ടർ ലാബ് | | | |
| 2 | ആശയവിനിമയത്തിനും, വിനോദത്തിനും, അറിവു നേടുന്നതിനും ഉള്ള താല്പര്യം ഉണ്ടാക്കുക. | ആനിമേഷനിൽ കൂടെ ചിത്രങ്ങൾക്ക് ജീവനുള്ള താക്കി മാറ്റുക | ദീർഘകാലം | മൾട്ടീ മീഡിയ ഉപകരണങ്ങൾ | 75,000/- | ഐ.ടി കോർഡിനേറ്റർ ഐ.ടി ടീച്ചേഴ്സ് | HM PTA SRG SSA Diet |
| 3 | സോഷ്യൽ മീഡിയയുടെ ചൂഷിത വലയത്തിൽപ്പെടുന്നതിൽ നിന്നും രക്ഷപെടാനുള്ള അവബോധം ജനിപ്പിക്കുന്നു. | കൊളാഷ് നിർമ്മാണത്തിൽ കൂടെ കേരളത്തനിമ ഉണ്ടാക്കിയെടുക്കുക | | ഐ.സി.റ്റി. ക്ലബ് | | IT @ School | |
| 4 | കുട്ടികളുടെ ആസ്വാദന നിലവാരം ഉയർത്തുന്നതിനും ഹൈടെക്ക് ക്ലാസ്സ് മുറികൾ ആക്കുന്നതിലും കൂടെ ക്ലാസ്സിൽ ഓരോ വിഷയങ്ങളിലും രസകരമായ പഠനം സാധ്യമാക്കുന്നു. | | | | | | |

# കായിക പഠനം

| Sl No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | ഭൗതികം | ധനകാര്യം | പിന്തുണ |
|---|---|---|---|---|---|---|---|
| 1. | ശാരീരിക വളർച്ചയും വികാസവും ശരീരത്തിലെ ഘടനാ പ്രവർത്തനം മനസ്സിലാക്കി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാനും ആരോഗ്യവും സൗന്ദര്യവുമുള്ള ശരീരം പുഷ്ടിപ്പെടുത്തുന്നതിനുള്ള കായിക ശേഷി നേടാനായി. | ആരോഗ്യത്തിലൂടെ സൗന്ദര്യവും കാർഡിയോ റെസ്പിറേറ്ററി സിസ്റ്റം ശരീരത്തിലെ വിവിധ വ്യവസ്ഥകളുടെ പ്രവർത്തനങ്ങളെപ്പറ്റി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിച്ച് കഴിവു നേടുവാൻ കുട്ടികളെ ക്ലാസ്സ് എടുത്ത് മനസ്സിലാക്കി കൊടുക്കുക. | ഫിസിക്കൽ ഏജ്യൂക്കേഷൻ ടീച്ചർ | ജൂൺ ഹ്രസ്വ കാലം | പ്രൊജക്ടർ, സ്ക്രീൻ, ലാപ്ടോപ് ആദി വൈവിധ്യ ശാഖയിൽ വിദഗ്ദരുടെ ക്ലാസ്സ് ലഭ്യമാക്കുക. | | HM<br>PTA<br>SRG |
| 2. | തിരഞ്ഞെടുത്ത ഗെയിമിന്റെ നിയമങ്ങളും, സ്കിൽ കൂടുതൽ സൂക്ഷ്മമായി പഠിച്ച് പ്രാവീണ്യം നേടുക | പൂർവ്വ ക്ലാസ്സുകളിൽ പഠിച്ച ഗെയിമിന്റെ ബേസിക് സ്കിൽ പ്രാപിച്ച ശേഷം അവരെ മൽസരങ്ങളിൽ പങ്കെടുക്കാൻ തക്കവണ്ണം പ്രാക്ടീസ് കൊടുക്കുക. | ഫിസിക്കൽ ഏജ്യൂക്കേഷൻ ടീച്ചർ | മധ്യമ കാലം | ഗ്രൗണ്ട്, എക്വിപ്മെന്റ്സ്, സ്കിൽവർദ്ധിപ്പിക്കാൻ ആവശ്യമുള്ള സാമഗ്രികൾ | 10000/- | |
| 3 | തുടർ പരിശീലനത്തോടെ മൽസരങ്ങളിൽ പങ്കെടുക്കാൻ ശാരീരികവും മാനസ്സികവുമായി പ്രാപ്തരാക്കുക. | ഗെയിമിന്റെ സ്ട്രാറ്റെജീസ് തന്ത്രങ്ങൾ (ഒഫൻസ്, ഡിഫൻസ്) കുട്ടികളെ മാനസികമായി പിരിമുറുക്കത്തിൽ നിന്ന് മാറ്റി അവരെ വിവിധ തലങ്ങളിൽ മൽസരങ്ങളിൽ പങ്കെടുപ്പിക്കുക. | ഫിസിക്കൽ ഏജ്യൂക്കേഷൻ ടീച്ചർ | മധ്യമ കാലം | | | |

# പ്രവൃത്തിപരിചയ പഠനം

## മേഖല : പ്രവൃത്തി പഠനം

## പൊതുലക്ഷ്യം : തൊഴിൽ അധിഷ്ഠിത വിദ്യാലയം

| Sl No. | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല വിഭജനം | പിന്തുണ |
|---|---|---|---|---|---|---|
| 1. | പോഷകാഹാരം ചെലവുകുറഞ്ഞ രീതിയിൽ തയ്യാറാക്കുന്നതിനും, ആധുനിക കൃഷി സമ്പ്രദായങ്ങൾ ഉൾപ്പെടുത്തി കൃഷി ചെയ്യുന്നതിനും | സാലഡ് നിർമ്മാണം, കൃഷി ഇടങ്ങൾ സന്ദർശിക്കുന്നു. | ജൂൺ, ജൂലായ് ഹ്രസ്വം | സ്റ്റൗവ്, പാത്രങ്ങൾ | WETr | PTA |
| 2. | വിവിധ തരം പച്ചക്കറികൾ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനും വിത്തു നടുന്ന രീതികൾ, നനയ്ക്കൽ, വളപ്രയോഗം, കീടനാശിനി പ്രയോഗം, ജൈവവള കൃഷി, ഉപകരണങ്ങൾ, എന്നിവ പരിചയപ്പെടുത്തൽ | ഓരോ കുട്ടിക്കും പച്ചക്കറി കൃഷി ചെയ്യുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകുന്നു. ( പച്ചക്കറിതോട്ടങ്ങളിലെ സന്ദർശനം, കൃഷി വിദഗ്ദരുടെ അഭിമുഖം, ചർച്ച) | ജൂൺ, ജൂലായ് ആഗസ്റ്റ് ഹ്രസ്വം | സ്റ്റൗവ്, പാത്രങ്ങൾ | WETr | PTA<br>SSA<br>M PTA |
| 3. | ആധുനിക കൃഷി സമ്പ്രദായങ്ങൾ ഉൾപ്പെടുത്തി കൃഷി ചെയ്യുന്നു. | കൃഷിഭവനിൽ നിന്ന് വിത്തുകൾ ശേഖരിക്കുന്നു. കുട്ടികൾക്ക് വിതരണം ചെയ്യുന്നു. | 1 വർഷം മധ്യമകാലം | സ്റ്റൗവ്, പാത്രങ്ങൾ | WETr | PTA<br>SSA<br>MPTA |
| 4. | വിവിധ തരം പച്ചക്കറികൾ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നു | വീട്ടുവളപ്പിൽ നിന്നും, സ്കൂളിൽ നിന്നും ലഭ്യമായ ഇലക്കറികൾ മറ്റ് ഭക്ഷ്യവസ്തുക്കൾ ഇവ ഉപയോഗിച്ചുള്ള വിവിധ വിഭവങ്ങൾ തയ്യാറാക്കുന്നു. ഇവ സ്കൂളിലെ ഉച്ച ഭക്ഷണത്തിന് വേണ്ടിയും ഉപയോഗിക്കുന്നു. | 3 വർഷം മധ്യമകാലം | സ്റ്റൗവ്, പാത്രങ്ങൾ | WETr | PTA<br>SSA<br>MPTA |

# മേഖല : ആരോഗ്യ മേഖല

## ലക്ഷ്യങ്ങൾ

- ബാഹ്യരൂപത്തോടൊപ്പം ആന്തരികാവയവങ്ങളുടെ പ്രവർത്തന ക്ഷമതയും ശുചിത്വവുമാണ് ശരീര സൗന്ദര്യമെന്നുള്ള തിരിച്ചറിവ്.
- ശാരീരിക - മാനസിക സമ്മർദ്ദങ്ങൾ കുറയ്ക്കാൻ കായിക പ്രവർത്തനങ്ങൾ സഹായിക്കുന്നു എന്ന തിരിച്ചറിവ്.
- വിവിധ യോഗ പരിശീലനങ്ങളിൽ ഏർപ്പെടുന്നതു വഴി ശാരീരിക - മാനസിക ക്ഷമത മെച്ചപ്പെടുത്തുന്നു.
- പ്രകടന സംബന്ധിയായ കായികക്ഷമതാ ഘടകങ്ങൾ വർദ്ധിപ്പിക്കാനുള്ള വിവിധ പ്രവർത്തനങ്ങളെപ്പറ്റിയുള്ള അറിവ് നേടുക.
- കായിക രംഗത്ത് നിലനിൽക്കുന്ന ചില അനാരോഗ്യ പ്രവണതകൾ തിരിച്ചറിഞ്ഞ് അവയിൽ നിന്ന് മാറി നിൽക്കേണ്ടതിന്റെ ആവശ്യകത
- വ്യക്തിത്വ വികസനത്തിനുതകുന്ന ജീവിത നൈപുണികൾ സ്വായത്തമാക്കുക.
- ശാസ്ത്രീയമായ വ്യായാമം പരിശീലിപ്പിക്കുക.

| | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ഭൗതികം | ചുമതല | ധന കാര്യം | പിന്തുണ |
|---|---|---|---|---|---|---|
| | ബാഹ്യരൂപത്തിന്റെ സൗന്ദര്യം മാത്രമല്ല ആന്തരികാവയവങ്ങളുടെ പ്രവർത്തന ക്ഷമതയും ആരോഗ്യത്തിന് ആവശ്യമാണ് എന്ന് തിരിച്ചറിയുക | സ്ഥിരമായി വ്യായാമം ചെയ്യുക. അബ്ഡോമിനൽ ക്രഞ്ചസ് റിവേഴ്സ് ക്രഞ്ച് ഡബിൾ ക്രഞ്ച് ബാക്ക് ലെഗ് ലിഫ്റ്റ് | സി.ഡി കൾ വിവിധ വ്യായാമ മുറകളുടെ ചാർട്ടുകൾ | Teachers, Clubs | 500/- | ICT Text Books Teachers |
| 2 | ശുചിത്വം ശരീരത്തിന്റെ അടിസ്ഥാന ഘടകമാണ് എന്ന തിരിച്ചറിവുണ്ടാക്കുക | ശരീരത്തിലെ ഓരോ അവയവവും നഖം മുതൽ മുടി വരെ നല്ലതുപോലെ വൃത്തിയാക്കുക. പെഡിക്യൂർ, മാനിക്യൂർ തുടങ്ങിയവ | | | 2500/- | |
| 3 | കായിക പ്രവർത്തനങ്ങളിലൂടെ ശാരീരിക - മാനസിക സമ്മർദ്ദങ്ങൾ കുറയ്ക്കുക | സിമ്പിൾ മെഡിറ്റേഷൻ വിഷ്വൽ ഇമേജറി ഗെയിം ഷരാഡ്സ് ഇവയുടെ അനുഭവ വിവരണം | | | | |